പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1665 04/12/2018-ൽ മറുപടിയ്ക്ക്

# കോന്നിയിൽ വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗൺ നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അടൂർ പ്രകാശ് | ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) കോന്നിയിൽ കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗൺ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;<br><br>(ബി) കോന്നി താലൂക്കിൽ ഐരവൺ വില്ലേജിൽ കൃഷിവകുപ്പിന്റെ കൈവശമുള്ള സ്ഥലം പാട്ടത്തിൽ ഏറ്റെടുക്കുന്നതിനായി അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് നൽകിയത്; | (എ) & (ബി) കോന്നിയിൽ കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.<br><br>പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ ഐരവൺ വില്ലേജിൽ അരുവാപ്പുറം പഞ്ചായത്തിൽ ബ്ലോക്ക് 35, റീ സർവ്വെ നം. 120 ഉം ബ്ലോക്ക് 34-ൽ റീ സർവ്വെ നം. 146-ഉം പന്തളം കൃഷി ഭവന് കീഴിൽ വരുന്നതുമായ ഭൂമിയിൽ നിന്ന് 2 ഏക്കർ 84 സെന്റ് സ്ഥലം വെയർഹൗസിംഗ് കോർപ്പറേഷന് ഗോഡൗൺ നിർമ്മിക്കുന്നതിനായി ഉടമസ്ഥാവകാശം കൈമാറാതെ പാട്ട വ്യവസ്ഥയിൽ നൽകുന്നതിന് കൃഷി ഡയറക്ടർ അനുകൂലമായി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഉടമസ്ഥാവകാശം കൈമാറാതെ ടി സ്ഥലം പാട്ട വ്യവസ്ഥയിൽ ഏറ്റെടുക്കുന്നതിന് വെയർഹൗസിംഗ് കോർപ്പറേഷൻ സന്നദ്ധമാണെങ്കിൽ , പാട്ടം സ്വീകരിക്കുന്നതിനുള്ള അപേക്ഷ പത്തനംതിട്ട ജില്ലാ കളക്ടർക്ക് സമർപ്പിക്കുന്നതിനും, ജില്ലാ കളക്ടറുടെ ശിപാർശ സഹിതം ഭൂമി പാട്ടത്തിനുള്ള അപേക്ഷയും അനുബന്ധ രേഖകളും (ബി.ടി.ആർ., വില നിർണ്ണയ സ്റ്റേറ്റ്മെന്റ്, ലൊക്കേഷൻ സ്കെച്ച് തുടങ്ങിയവ) സർക്കാരിൽ ലഭ്യമാക്കുവാനും എം.ഡി.യ്ക്ക് നിർദ്ദേശം നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 08/10/2018-ൽ കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ പത്തനംതിട്ട ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (സി) ആയത് സംബന്ധിച്ചുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ; | (സി) & (ഡി) സർവ്വെ സബ് ഡിവിഷൻ സ്കെച്ച് തയ്യാറാക്കിയിട്ടുള്ളതും സ്ഥലം പാട്ടത്തിന് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതുമാണ്. പ്രസ്തുത നടപടി ക്രമങ്ങൾ അടിയന്തിരമായി പൂർത്തീകരിച്ച് പത്തനംതിട്ട ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടികൾ കോന്നി താലൂക്ക് ഓഫീസിൽ നടന്നുവരുന്നു. |
| (ഡി) പ്രസ്തുത നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകുമോ? | |

**സെക്ഷൻ ഓഫീസർ.**